ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ഇസ്‌ലാമിനു വേണ്ടി നിലകൊള്ളുന്നവരെ തളർത്താനാകില്ല

قَالَ مُعَاوِيَةُ : سَمِعْتُ النَّبِيَّ صلى الله عليه وسلم يَقُولُ : لاَ يَزَالُ مِنْ أُمَّتِي أُمَّةٌ قَائِمَةٌ بِأَمْرِ اللَّهِ، لاَ يَضُرُّهُمْ مَنْ خَذَلَهُمْ وَلاَ مَنْ خَالَفَهُمْ حَتَّى يَأْتِيَهُمْ أَمْرُ اللَّهِ وَهُمْ عَلَى ذَلِكَ

**മുആവിയ പറഞ്ഞു: നബി (സ) പറയുന്നത് ഞാൻ കേട്ടു: ''എന്റെ സമുദായത്തിൽ അല്ലാഹുവിന്റെ ആജ്ഞകൾക്കു വേണ്ടി നിലകൊള്ളുന്ന ഒരു സമൂഹം നിലനിന്നുകൊണ്ടേയിരിക്കും. അവരെ വഞ്ചിക്കുന്നവർക്കോ എതിർക്കുന്നവർക്കോ അവരെ ഉപദ്രവിക്കാനാവില്ല. അങ്ങനെ അല്ലാഹുവിന്റെ കൽപന വന്നെത്തുംവരെ അവർ ആ ലക്ഷ്യത്തിൽ നിലകൊള്ളും'' (ബുഖാരി, മുസ്‌ലിം)**

മുസ്‌ലിം സമൂഹം ലക്ഷ്യം മറന്ന് പല കക്ഷികളായി പിരിയുന്ന ദുരന്തത്തെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയ പ്രവാചകൻ ഇവിടെ ഒരു സന്തോഷ വാർത്തയാണ് നൽകുന്നത്. ചില മതാചാരങ്ങളുമായി ഒറ്റപ്പെട്ടു കഴിയുന്നവരല്ല ഈ വചനത്തിൽ പ്രതിപാദിക്കപ്പെട്ടവർ. സംഘടിത സമൂഹത്തെ പറ്റിതന്നെയാണ് ഇതിൽ പറയുന്നത്. അവർക്കേ ഉമ്മത്ത് എന്ന് പറയൂ. പല കക്ഷികളായി പിരിഞ്ഞതിൽ ഒരു കക്ഷിയാണോ? അതുമല്ല. ഖുർആൻ വ്യക്തമാക്കുന്നു: ''നിശ്ചയം, തങ്ങളുടെ മതത്തെ ഛിദ്രീകരിക്കുകയും പല കക്ഷികളായിത്തീരുകയും ചെയ്തവരുണ്ടല്ലോ, താങ്കൾക്ക് അവരുമായി ഒരു ബന്ധവുമില്ല'' (*അൽഅൻആം* 159). ''ജനങ്ങൾ തങ്ങളുടെ ദീനിനെ തങ്ങൾക്കിടയിൽ തുണ്ടംതുണ്ടമാക്കിക്കളഞ്ഞു. ഓരോ കക്ഷിയും തങ്ങളുടെ കൈവശമുള്ളതിൽ ഊറ്റം കൊള്ളുന്നവരുമാണ്'' (*അൽ മുഅ്മിനൂൻ* 53).

പ്രവാചകൻ (സ) അരുളി: ''രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് ബാക്കിവെച്ചിട്ടുണ്ട്. അത് രണ്ടും മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾ ഒരിക്കലും വഴിതെറ്റുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതന്റെ ചര്യയുമാണത്'' (ഹദീസ്). ഇപ്പറഞ്ഞ രണ്ട് ഖുർആൻ സൂക്തങ്ങളും നബിവചനവും ചേർത്തു വായിച്ചാൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യമാവും:

ഇസ്‌ലാം കക്ഷിത്വം അംഗീകരിക്കുന്നേയില്ല. ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി ഒരു നേതൃത്വത്തിനു കീഴിൽ അണിനിരക്കാനാണ് ആഹ്വാനം. ദീനിനെ ഭാഗികമായി അംഗീകരിച്ചവരെപ്പറ്റിയല്ല, ദീനിനെ സമ്പൂർണമായി അംഗീകരിച്ചവരെ പറ്റിയാണ് ഇവിടെ പറയുന്നത്. ഇസ്‌ലാമിന്റെ സംസ്ഥാപനവും സംരക്ഷണവുമായിരിക്കും അവരുടെ ലക്ഷ്യം. ഇസ്‌ലാമിക താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് സഹായകമാവുമെങ്കിൽ ഭൗതിക പ്രസ്ഥാനങ്ങളെ താൽക്കാലികമായി ഉപയോഗപ്പെടുത്തുമെന്നല്ലാതെ, അവരൊരിക്കലും ഭൗതിക പ്രസ്ഥാനങ്ങളുടെ പിറകെ പോവുകയില്ല. പ്രകോപനങ്ങൾക്കോ പ്രലോഭനങ്ങൾക്കോ വിധേയമായി തീവ്രവാദത്തിന്റെയോ അടിയറവിന്റെയോ പാത അവർ സ്വീകരിക്കില്ല. വിവേകവും സഹനവും സ്ഥൈര്യവും ഒത്തുചേർന്നതാണ് ഖുർആനും സുന്നത്തും വ്യക്തമാക്കുന്ന പാത.

വഞ്ചകരുടെയും എതിരാളികളുടെയും ശക്തമായ എതിർപ്പ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് നേരെയുണ്ടാകുമെന്ന് തിരുവചനം വ്യക്തമായി സൂചന നൽകുന്നു. എന്നാൽ അതൊന്നും തങ്ങളുടെ ആദർശത്തിൽനിന്നോ ലക്ഷ്യത്തിൽനിന്നോ അവരെ പിന്തിരിപ്പിക്കുകയില്ല. 'വഞ്ചകർക്കോ എതിരാളികൾക്കോ അവരെ ഉപദ്രവിക്കാനാകില്ല' എന്ന വാക്യം അതാണ് കുറിക്കുന്നത്. അതുതന്നെയാണല്ലോ പ്രവാചകമാതൃക. ''നിങ്ങൾക്ക് ദൈവദൂതനിൽ വിശിഷ്ടമായ മാതൃകയുണ്ടായിരുന്നു, അല്ലാഹുവിലും അന്ത്യദിനത്തിലും പ്രതീക്ഷ പുലർത്തുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്. അക്രമിസേനകളെ കണ്ടപ്പോൾ ആ വിശ്വാസികൾ പറഞ്ഞു: 'ഇത് അല്ലാഹുവും അവന്റെ ദൂതനും വാഗ്ദത്തം ചെയ്തത് തന്നെയാണല്ലോ. അല്ലാഹുവും അവന്റെ ദൂതനും പറഞ്ഞത് തികച്ചും സത്യം തന്നെ.' ഈ സംഭവം അവരുടെ വിശ്വാസത്തെയും സമർപ്പണത്തെയും വർധിപ്പിച്ചതേയുള്ളൂ'' (*അൽഅഹ്സാബ്* 21,22). തങ്ങളുടെ രക്തസാക്ഷ്യത്തിന്റെ ഊഴം കാത്തിരിക്കുകയല്ലാതെ നിലപാടുമാറ്റത്തിന് അവർ ഒരിക്കലും സന്നദ്ധമല്ലെന്ന് തുടർന്ന് ഖുർആൻ പ്രസ്താവിക്കുന്നു.

''അല്ലാഹുവിന്റെ പ്രകാശത്തെ തങ്ങളുടെ വായകൊണ്ട് ഊതിക്കെടുത്താനാണവർ ഉദ്ദേശിക്കുന്നത്. എന്നാൽ അവരെത്ര വെറുത്താലും അല്ലാഹു അവന്റെ പ്രകാശത്തെ പൂർത്തീകരിക്കുക തന്നെ ചെയ്യും'' (*അസ്സ്വഫ്ഫ്*). ഈ ശുഭവാർത്തയാണ് വചനത്തിലെ 'അല്ലാഹുവിന്റെ കൽപന വന്നെത്തുന്നതുവരെ' എന്ന ഭാഗം സൂചിപ്പിക്കുന്നത്.

''നിങ്ങൾ അല്ലാഹുവിനെ സഹായിച്ചാൽ അവൻ നിങ്ങളെയും സഹായിക്കും'' (ഖുർആൻ). ●